ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി : സർ, സർക്കാർ ആശുപത്രികളിൽ ഇതൊക്കെ വേണമെന്നാണ്. ഇല്ലായ്കകൊണ്ടാണ്. അതാണ് പ്രശ്നം. സ്വന്തങ്ങളിൽ ഡോക്ടേഴ്സ് ആഴ്ചയിൽ ഒരിക്കൽ വിസിറ്റ് ചെയ്യണമെന്നുള്ളതാണ്. ചെയ്യില്ല, ഇതാണ് പ്രശ്നം ഡോക്ടേഴ്സില്ല എന്നു പറയും. ഉണ്ടെങ്കിൽത്തന്നെ പോകില്ല. കൃത്യമായിട്ട് ചെയ്യില്ലല്ലോ. ഇതിനൊക്കെ ഇപ്പോൾത്തന്നെ വ്യവസ്ഥയുണ്ട്. മെമ്പർ പറഞ്ഞ കാര്യം ശരിയാണ്. ഗവൺമെന്റ് കുറച്ചുകൂടെ എഫിഷ്യന്റാകാൻ ശ്രമിക്കാം.

(ചോദ്യോത്തരസമയം കഴിഞ്ഞു.)

(ii) രേഖാമൂലം നൽകിയ ഉത്തരങ്ങൾ

(i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

പൂട്ടിക്കിടക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങൾ തുടർന്ന് പ്രവർത്തിക്കുന്നതിന് കർമ്മസമിതി

3 (*710) ശ്രീ. എൻ. ശക്തൻ :
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. പ്രയാർ ഗോപാലകൃഷ്ണൻ :
ശ്രീ. ടി. എൻ. പ്രതാപൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് വ്യവസായ വകുപ്പിന്റെ കീഴിലുള്ള എത്ര പൊതുമേഖലാ സ്ഥാപനങ്ങൾ പൂട്ടിക്കിടക്കുന്നു ; അവ ഏതെല്ലാം ;

(ബി) ഇവയിൽ ഏതെല്ലാം പൊതുമേഖലാ സ്ഥാപനങ്ങൾ പ്രവർത്തന രഹിതമായി തീർന്നിട്ടുണ്ട് ;

(സി) പൂട്ടിക്കിടക്കുന്നതും പ്രവർത്തന രഹിതമായിത്തീർന്നിട്ടുള്ളതുമായ പൊതുമേഖലാ സ്ഥാപനങ്ങൾ തുടർന്ന് പ്രവർത്തിക്കുന്നതു സംബന്ധിച്ച് ഒരു കർമ്മ പരിപാടിക്ക് രൂപം കൊടുക്കുവാനുദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ ?

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി) :

(എ & ബി) ചാലക്കുടി നിഫ്രാക്ടറീസ്, മന്നം കോ- ഓപ്പറേറ്റീവ് ഷുഗേഴ്സ് ലിമിറ്റഡ്, കെൽട്രോൺ പവർ ഡിവൈസസ്, സിഡ്കൽ ടെലിവിഷൻ ലിമിറ്റഡ്, കേരള സോപ്സ് ആന്റ് ഓയിൽസ് ലിമിറ്റഡിന്റെ ഹൈഡ്രജനേഷൻ ഡിവിഷൻ എന്നിവ പൂട്ടിക്കിടക്കുകയാണ്. ട്രിവാൻഡ്രം സ്പിന്നിംഗ് മിൽസ് ലേ ഓഫിലാണ്. കേരള സ്പെഷ്യൽ നിഫ്രിക്ടറീസ്, കെൽട്രോൺ റെക്ടിഫിയേഴ്സ് ലിമിറ്റഡ്, കേരള സ്റ്റേറ്റ് സാലിസിലേറ്റ്സ് ആന്റ് കെമിക്കൽസ്, കേരള സ്റ്റേറ്റ് ഡിറ്റർജന്റ്സ് ആന്റ് കെമിക്കൽസ്, കേരള സോപ്സ് ആന്റ് ഓയിൽസ്, ട്രാവൻകൂർ പ്ലൈവുഡ് ഇന്റസ്ട്രീസ് ലിമിറ്റഡ് എന്നിവ പൂട്ടാതെയോ ലോക്കൗട്ട് ചെയ്യാതെയോ പ്രവർത്തനം നിലച്ച അവസ്ഥയിലുമാണ്.

LIBRARY ARCHIVES Kerala Legislative Assembly

(സി) സംസ്ഥാനത്തെ പൊതുമേഖലാ സ്ഥാപനങ്ങളുടെ പുനഃസംഘടന സംബന്ധിച്ച നിർദ്ദേശങ്ങൾ സമർപ്പിക്കുവാൻ എന്റർപ്രൈസസ് റിഫോംസ് കമ്മിറ്റി (ഇ.ആർ.സി.) രൂപീകരിച്ചിട്ടുണ്ട്. ഈ കമ്മിറ്റി ഓരോ പൊതുമേഖലാ സ്ഥാപനത്തെയും സംബന്ധിച്ച് പ്രത്യേകമായി പഠനം നടത്തി നിർദ്ദേശങ്ങൾ സമർപ്പിക്കുന്നു. ഈ നിർദ്ദേശങ്ങളിന്മേൽ ആസൂത്രണ ബോർഡിന്റെ ശുപാർശയും കൂടി പരിഗണിച്ച് സർക്കാർ തീരുമാനമെടുക്കുന്നുണ്ട്.

സംസ്ഥാനത്ത് റബ്ബർ അധിഷ്ഠിത വ്യവസായങ്ങൾക്ക് നടപടി

4 (* 711) ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ റബ്ബർ ഉൽപ്പാദനത്തേയും റബ്ബർ അധിഷ്ഠിത വ്യവസായങ്ങളേയും കുറിച്ച് ഒരു വിലയിരുത്തൽ നടത്തിയിട്ടുണ്ടോ ;

(ബി) എങ്കിൽ വിശദാംശം വ്യക്തമാക്കാമോ ;

(സി) സംസ്ഥാനത്ത് ഉൽപ്പാദിപ്പിക്കുന്ന റബ്ബർ അസംസ്കൃത വസ്തുവായ വ്യവസായങ്ങൾ ബഹുഭൂരിപക്ഷവും അയൽ സംസ്ഥാനങ്ങളിലാണ് സ്ഥിതിചെയ്യുന്നത് എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) അയൽ സംസ്ഥാനങ്ങളിലേക്കുള്ള അസംസ്കൃത റബ്ബറിന്റെ ഒഴുക്ക് അവസാനിപ്പിക്കാനും റബ്ബർ വ്യവസായങ്ങൾ സംസ്ഥാനത്ത് കൊണ്ടുവരാനും സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ ?

(ഇ) സംസ്ഥാനത്തുനിന്ന് എത്രത്തോളം അസംസ്കൃത റബ്ബർ അയൽ സംസ്ഥാനങ്ങളിലേക്ക് പോകുന്നതായി കണക്കാക്കിയിട്ടുണ്ട് ; വിശദാംശം വ്യക്തമാക്കുമോ ?

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി) :

(എ) ഇല്ല.

(ബി) ബാധകമല്ല.

(സി) ഉണ്ട്.

(ഡി) ഉണ്ട്. റബ്ബർ വ്യവസായത്തിന്റെ സമഗ്ര വികസനത്തിനായി ക്ലസ്റ്റർ അടിസ്ഥാനത്തിൽ റബ്ബർ അധിഷ്ഠിത ചെറുകിട വ്യവസായങ്ങൾ സംസ്ഥാനത്ത് നടപ്പിലാക്കാൻ പദ്ധതിയുണ്ട്. ഇതിന്റെ ഭാഗമായി കോട്ടയം ജില്ലയിൽ കേന്ദ്ര സർക്കാർ സഹായത്തോടെ റബ്ബർ ക്ലസ്റ്ററുകൾ സ്ഥാപിക്കാനുള്ള പ്രവർത്തനം നടന്നുവരുന്നു. റബ്ബറും റബ്ബർ തടിയും ഉപയോഗിച്ചുമൂല്യവർദ്ധിത വ്യവസായങ്ങൾ ആരംഭിക്കുന്നതിനായി അടിസ്ഥാന സൗകര്യം ഒരുക്കുന്നതിനായി എറണാകുളം ജില്ലയിലെ ഐരാപുരത്തു റബ്ബർ ബോർഡും കിൻഫ്രയും സംയുക്തമായി ഒരു റബ്ബർ പാർക്ക് സ്ഥാപിച്ചുവരുന്നു. ഇതിന്റെ പ്രവർത്തനം ഉടനെ ആരംഭിക്കുന്നതാണ്. വൻകിട/ ഇടത്തരം മേഖലയിൽ സംസ്ഥാനത്ത് റബ്ബർ വ്യവസായം കെ.എസ്.ഐ.ഡി.സി. പ്രോത്സാഹിപ്പിക്കുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly